**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1758** **15-03-2022 - ൽ മറുപടിയ്ക്ക്**

**ശാരീരിക വളർച്ചക്കുറവുള്ള കുട്ടികളുടെ ചികിത്സാ ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹോർമോൺ കുറവ് കാരണം വളർച്ചക്കുറവ്, ഉയരക്കുറവ് എന്നിവ നേരിടുന്ന കുട്ടികൾക്കുള്ള ചികിത്സയുടെ ഭാഗമായ മരുന്നുകൾക്ക് വലിയ വില നൽകേണ്ടി വരുന്നതിനാൽ പ്രസ്തുത കാറ്റഗറിയിൽപ്പെട്ട രോഗങ്ങളും ആയതിന്റെ ചികിത്സാ ചെലവും താലോലം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഹോർമോൺ കുറവ് കാരണം വളർച്ചക്കുറവ്, ഉയരക്കുറവ് എന്നിവ നേരിടുന്ന കുട്ടികൾക്കുള്ള ചികിത്സ താലോലം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത കാറ്റഗറിയിൽപ്പെട്ട രോഗങ്ങളും ആയതിന്റെ ചികിത്സാ ചെലവും താലോലം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | ഹോർമോൺ കുറവ് കാരണം ശാരീരിക വളർച്ചക്കുറവ് അനുഭവപ്പെടുന്ന കുട്ടികളുടെ ചികിത്സാ ചെലവിന് നിലവിൽ സാമൂഹ്യനീതി വകുപ്പ് വഴി സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. |
| (സി) | ഇല്ലെങ്കിൽ ഇത്തരക്കാർക്കായി പുതിയ പദ്ധതി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | തൂക്കക്കുറവ്, വളർച്ചക്കുറവ്, ഉയരക്കുറവ് എന്നിവ നേരിടുന്ന കുട്ടികളെ പോഷൺ ട്രാക്കർ ആപ്ലിക്കേഷൻ വഴി കണ്ടെത്തി പരിഹാരം കണ്ടെത്താനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ